"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി ജലജാക്ഷി കെ. ക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2026/AYUSH തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-

1. ശ്രീമതി ജലജാക്ഷി കെ. സമർപ്പിച്ച 07.01.2026 ലെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ.
2. കാസർഗോഡ് സർക്കാർ ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസറുടെ 10.01.2026 ലെ സി.80/2025 നം. സാക്ഷ്യപത്രം.
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 10.03.2026 ലെ DISM/462/2026-E1 നം.കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി ജലജാക്ഷി കെ. 24.12.2025 ന് രാവിലെ സ്ഥാപനത്തിലെ ഡ്യൂട്ടിക്ക് ഇടയിൽ വീണു പരിക്ക് പറ്റിയതിനെ തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം 24.12.2025 മുതൽ 18.01.2026 വരെ 26 ദിവസത്തേക്ക് പരാമർശം (1) പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടിയാൾ അവധി കഴിഞ്ഞു 19.01.2026 ന് പൂർവ്വാഹ്നം ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുള്ളതായും അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത അവധി അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് സർക്കാർ ആയുർവേദ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി ജലജാക്ഷി കെ. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും അപകടം സംബന്ധിച്ചുള്ള കാസർഗോഡ് സർക്കാർ ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസറുടെ പരാമർശം (2) പ്രകാരമുള്ള സാക്ഷ്യപത്രത്തിന്റേയും പരാമർശം (3) പ്രകാരമുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടേയും അടിസ്ഥാനത്തിൽ പരിഗണിച്ച് കെ.എസ്.ആർ. ഭാഗം I ചട്ടം 98 പ്രകാരം ടിയാൾക്ക് 24.12.2025 മുതൽ 18.01.2026

വരെ 26 ദിവസത്തേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ജലജാക്ഷി കെ., നഴ്സിംഗ് അസിസ്റ്റന്റ്, ഗവ. ആയുർവേദ ആശുപത്രി, കാസർഗോഡ് (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/109/2026-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 05-05-2026 12:10:20

സെക്ഷൻ ഓഫീസർ